**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 682 04.03.2020-ൽ മറുപടിക്ക്

## ഗോത്രസംരംഭകരുടെ ഉല്പന്നങ്ങൾക്ക് ഓൺലൈൻ വിപണി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഗോത്രസംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ വില്പന ശൃംഖല വഴി ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) | പട്ടികവർഗ്ഗക്കാർ ഉത്പാദിപ്പിക്കുന്ന നാടൻ ഉൽപ്പന്നങ്ങളായ കരകൗശല വസ്തുക്കൾ, മുളയിൽ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ, കുരുമുളക്, ഏലം, ഗ്രാമ്പു, തേൻ തുടങ്ങിയവയ്ക്ക് ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും വിപണി കണ്ടെത്തുന്നതിനും, അതുവഴി അവരുടെ ഉൽപ്പന്നങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ട് ഓൺലൈൻ വില്പന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | ഏത് ഓൺലൈൻ വില്പന ശൃംഖല വഴിയാണ് പ്രസ്തുത ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നും, ഇതിനായി ഓൺലൈൻ പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന 'ഗദ്ദിക' ഉത്പന്നങ്ങളുടെ വിപണനം ആമസോൺ മുഖേന ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ മാത്രമായി ഒരു ഓൺലൈൻ വിപണന സംവിധാനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**